# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3267 29.01.2014 ലെ മറുപടിക്ക്**

**കാനഡയിലേയ്ക്ക് അനധികൃത റിക്രൂട്ട്മെന്റ്**

ചോദ്യം | മറുപടി

ശ്രീ. എം.വി.ശ്രേയാംസ് കുമാർ
ശ്രീ. പി.സി. ജോർജ്ജ്
ഡോ. റോഷി അഗസ്റ്റിൻ
ഡോ.എൻ.ജയരാജ്

ശ്രീ കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരളത്തിൽ നിന്നും കാനഡയിലെ ക്യൂബക്ക് എന്ന പ്രദേശത്തേക്ക് പത്രപരസ്യങ്ങൾ നൽകി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല |
| (ബി) ഫ്രഞ്ചുഭാഷാ പ്രാവീണ്യം നിർബന്ധമുള്ള പ്രസ്തുത രാജ്യത്തേക്ക് യാതൊരു മാനദണ്ഡവുമില്ലാതെ റിക്രൂട്ട് ചെയ്യുന്നതുമൂലം ഉദ്യോഗാർത്ഥികൾ കബളിപ്പിക്കപ്പെടുന്നു എന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ; | ബിയും സിയും) വ്യക്തമായ പരാതി ലഭിക്കുന്ന പക്ഷം ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി എമിഗ്രേഷൻ ആക്ട് 1983 പ്രകാരമുള്ള നടപടികൾ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും സംസ്ഥാന പോലീസും സ്വീകരിക്കുന്നുണ്ട്. |
| സി) ഇപ്രകാരം തെറ്റായ വിവരങ്ങൾ നൽകി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന പ്രവണത അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | |
| ഡി) ഇപ്രകാരം നഴ്സുമാർ, മറ്റ് വിദഗ്ദ്ധ തൊഴിലാളികൾ എന്നിവരെ വ്യക്തമായ മാനദണ്ഡങ്ങളില്ലാതെ റിക്രൂട്ട് ചെയ്യുന്നതിന് ഇതിനോടകം കാനഡ-ഭാരത സർക്കാരുകൾ തമ്മിൽ എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുള്ളതായി അറിയാമോ? | ഡി) അറിവില്ല. |

സെക്ഷൻ ഓഫീസർ